**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3339** **04-08-2021 - ൽ മറുപടിയ്ക്ക്**

**എരുമേലി ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ എരുമേലി ഗ്രാമപഞ്ചായത്തിലെ ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | ഇല്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.02.2019 ലെ സ.ഉ. (സാധാ) 386/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടക രഹിത കെട്ടിടവും ഫർണിഷിംഗിനും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കുമായി ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സപ്ലൈകോയ്ക്ക് അനുവദിക്കേണ്ടതായിട്ടുണ്ട്. എരുമേലി പഞ്ചായത്തിലെ ചേനപ്പാടിയിൽ പുതുതായി സപ്ലൈകോ വിൽപ്പനശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണസമിതി മേൽ വ്യവസ്ഥകൾ അംഗീകരിച്ച് തീരുമാനമെടുത്ത് മിനിറ്റ്സ് സപ്ലൈകോയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ